

Monthly Price: Rs. 4 Year: 2010

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **December 2010** **No.9**


# എഡിറ്റോറിയൽ

ആചാരങ്ങളും ആഘോഷങ്ങളും എന്നും മനുഷ്യമനസിനെ കോൾമയിർ കൊള്ളിച്ചിട്ടുണ്ട്. വിനോദപ്രദമായ പല കാര്യങ്ങൾ മിക്കവാറും എല്ലാ രാജ്യങ്ങളിലുമുണ്ട്. അവ കലാപരമായും കായികമായും സാംസ്ക്കാരികമായും കാണപ്പെടുന്നു. കണ്ണുകൾക്കും കാതുകൾക്കും കൗതുകം ജനിപ്പിക്കുന്ന രീതിയിലാണ് അവ വേദികളിൽ അവതരിപ്പിക്കുന്നത്. മറ്റുള്ളവരെ ആസ്വദിപ്പിക്കുവാൻ ദൃശ്യ ശ്രവണ മാധ്യമങ്ങളെ ഇന്നു ധാരാളം ഉപയോഗിക്കുന്നു. പണ്ട് ആളുകളുടെ അഭിരുചികൾ പരിമിതമായി മാത്രമാണ് പ്രകടിപ്പിക്കുവാൻ അവസരം ഉണ്ടായിരുന്നത്. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഉദാഹരണമായി പറഞ്ഞാൽ ഇന്ന് ധാരാളം റിയാലിറ്റി ഷോകൾ അവതരിപ്പിക്കുന്നുണ്ട്. അവയിൽ ചിലതു വിജ്ഞാനപ്രദമാണ്. ഓരോരുത്തരുടെ കലാവാസന പ്രകടിപ്പിക്കുന്നതും പ്രോൽസാഹിപ്പിക്കുന്നതും നല്ലതാണ്.

ഏതൊരു മൽസരമായാലും അതു ക്രിയാത്മകമാണെങ്കിൽ നന്നായിരിക്കും. പക്ഷെ അതിർകടന്നാൽ അതു അന്യോന്യം അസൂയയും പകയും വെറുപ്പും ഉളവാക്കും. ഉയർച്ചയും പ്രസിദ്ധിയും എല്ലാവരും ആഗ്രഹിക്കുന്നു. പക്ഷെ ചുരുക്കം പേർക്കേ അതു ലഭിക്കുന്നുള്ളു എന്നത് യാഥാർത്ഥ്യമാണ്. ആ സത്യവസ്തുത എല്ലാവരും ഉൾക്കൊള്ളണം. ദൈവസൃഷ്ടികളായ മനുഷ്യനിൽ അവൻ താലന്തുകൾ നൽകിയിട്ടുണ്ട്; എല്ലാവരിലുമുണ്ട്. ഓരോരുത്തൻ അവനവന്റെ താലന്തു തിരിച്ചറിയുകയും അത് ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുകയും വേണം. അവ ദൈവത്തിൽനിന്നാണ് ലഭിച്ചത്

എന്ന ഓർമ്മ എല്ലാവരിലും ഉണ്ടാകണം. നാം അവ ശരിയായി ഉപയോഗിച്ചാൽ മറ്റുള്ളവർക്ക് പ്രയോജനപ്പെടും. പരസ്യവേദികളിൽ പ്രത്യക്ഷപ്പെടുന്നവർ തമ്മിൽ മൽസരം ഉണ്ടാകുമ്പോൾ ഏറ്റവും നന്നായി അവതരിപ്പിക്കുവാൻ അവർ ശ്രമിക്കും. അത് അവരുടെ കഴിവുകൾ നന്നാക്കുവാനാണെന്ന് മൽസരാർത്ഥികൾ തിരിച്ചറിയണം. ഏതെങ്കിലും ഒന്നിൽ മോശമായി പ്രകടിപ്പിച്ചതുകൊണ്ട് അവർ നിരാശപ്പെടേണ്ട കാര്യമില്ല. എല്ലാവർക്കും എല്ലാ സമയത്തും ഒരേ രീതിയിൽ പ്രകടനങ്ങൾ നടത്തുവാൻ സാധ്യമല്ല എന്നോർക്കുക. തനിക്ക് കിട്ടാത്ത വിജയം മറ്റൊരാൾക്ക് ലഭിക്കുമ്പോൾ അസൂയപ്പെടരുത്. അതുകൊണ്ട് ആർക്കും ഒരു ഗുണവും ലഭിക്കുകയില്ല. അന്യോന്യം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ഓരോരുത്തരും ശ്രമിക്കണം. അതോടൊപ്പം മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ഠർ എന്നു എണ്ണുവാനും കഴിയണം. ഈ ഗുണങ്ങളാണ് നമ്മെ സമൂഹത്തിൽ ഉയർത്തുന്നത്.

ശാരീരിക ക്ഷമതയും മാനസികവികാസവും സകല മനുഷ്യർക്കും ആവശ്യമാണ്. കായികാഭ്യാസം നമ്മുടെ ആരോഗ്യപരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. പക്ഷെ അതു അമിതമായാൽ നാം നമ്മുടെ ശരീരത്തെ ദണ്ഡിപ്പിക്കുകയാവും ചെയ്യുന്നത്. അതു ദോഷമായി ഭവിക്കും. നമ്മുടെ ശരീരങ്ങൾ ദൈവത്തിനു പ്രസാദകരമായ യാഗമായി ഉപയോഗിക്കേണ്ടതാണ്. കലാപരമായ പരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ അവ ധാർമ്മിക മൂല്യങ്ങൾ ഉള്ളവയാകണം. അന്ധവിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നതോ ദുരാചാരത്തെ പ്രചരിപ്പിക്കുന്നതോ ആകരുത്.

നാം ഈ ലോകജീവിതത്തിൽ ചെയ്യുന്ന ഭൗതികകാര്യങ്ങളേക്കാൾ ആത്മിക കാര്യങ്ങൾക്കാണ് ദൈവസന്നിധിയിൽ വിലയുള്ളത്. അതുകൊണ്ട് നമ്മുടെ ആത്മാക്കളുടെ രക്ഷ ദൈവത്തിൽനിന്നാണ് വരുന്നത്. ആ ദൈവത്തെ വിശ്വസിച്ച്, അവന്റെ കല്പനകളനുസരിക്കുവാൻ പാപങ്ങളിൽനിന്ന് പൂർണ്ണമായി വിട്ടുതിരിഞ്ഞ് പാപമോചനത്തിനായി സ്നാനം ഏല്ക്കുക. അപ്പോൾ കർത്താവ് നിങ്ങളെ രക്ഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യും. ആ സന്തോഷത്തേക്കാൾ വലിയ സന്തോഷമില്ല. ആ ഉയർച്ചയേക്കാൾ വലിയ ഉയർച്ചയോ പ്രസിദ്ധിയോ ഇല്ല. നിലനിൽക്കുന്നതും നിത്യവുമായ

ആഹ്ലാദം നിങ്ങൾക്ക് ഇപ്രകാരം ദൈവം നൽകട്ടെ എന്നാശംസിക്കുന്നു. എല്ലാവർക്കും പുതുനന്മകൾ പുതുവർഷത്തിൽ നല്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. നിങ്ങൾ പുതുതായി ജനിച്ചില്ലെങ്കിൽ ഇന്നു തന്നെ ജനിക്കുക. ആത്മാവിന്റെ വില വളരെ വലുതാണ്.

✶

# ഞങ്ങളുടെ വായനക്കാരോടും റേഡിയോ ശ്രോതാക്കളോടും

## J.C. ചോട്ട്

ഈ മാസികാ പ്രസിദ്ധീകരണം ഇത്രയും നാൾ യാതൊരു മുടക്കവും കൂടാതെ തുടർച്ചയായി നടത്തിക്കൊണ്ടു പോകുവാൻ ഇതിനു സഹായിച്ച ദൈവത്തെ സ്തുതിക്കുന്നു. ചിലർ ആരംഭം മുതൽ ഞങ്ങളുടെ മെയിലിംഗ് ലിസ്റ്റിൽ ഇപ്പോഴും ഉണ്ട്. പിന്നീട് അനേകർ ആവശ്യപ്പെട്ടുവെങ്കിലും എല്ലാവർക്കും കിട്ടത്തക്കവണ്ണം അതിന്റെ ക്രമീകരണങ്ങൾക്കായി എല്ലാവരുടെയും സഹായ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു. വർദ്ധിച്ചുവരുന്ന പേപ്പർ വിലയും പ്രിന്റിംഗ്ചാർജും നിങ്ങൾ മനസിലാക്കുകയും ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ സഹകരണങ്ങൾ മേലിലും ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലേക്കും നമ്മുടെ മാസിക ഇപ്പോൾ എത്തുന്നുണ്ട്. മാസികമാത്രമല്ല മറ്റു പ്രസിദ്ധീകരണങ്ങൾ കൂടെ നിങ്ങൾക്കും നിങ്ങൾ നിർദ്ദേശിച്ച വ്യക്തികൾക്കും ഞങ്ങൾ അയക്കുന്നുണ്ട്. സൗജന്യമായിട്ടാണ് ഇവയെല്ലാം നിങ്ങൾക്ക് അയക്കുന്നത്. എന്നാൽ ചിലർ തങ്ങളുടെ സംഭാവനകൾ ഞങ്ങൾക്ക് അയക്കുന്നുണ്ട്. ഇതുവരേയും അയച്ചിട്ടില്ലാത്തവർ അത് ചെയ്യണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

അതുപോലെത്തന്നെ വർഷങ്ങളായി ശ്രീലങ്കാ പ്രക്ഷേപണ നിലയത്തിലൂടെ ക്രിസ്തുവിന്റെ വചനം ഞങ്ങൾ പ്രസംഗിക്കുന്നു. ഏഷ്യാ ഭൂഖണ്ഡത്തിന്റെ ദക്ഷിണ ഭാഗത്തുള്ള മലയാളികൾക്കായി രൂപപ്പെടുത്തിയ ഒരു പരിപാടിയാണ് സത്യനാദം എന്നത്. മറ്റ് അഞ്ചു

ഭാഷകളായ ഇംഗ്ളീഷ്, ഹിന്ദി, തെലുങ്ക്, തമിഴ്, കന്നട എന്നിവയിലും പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഈ ഭാഷകളിലെല്ലാം തന്നെ റേഡിയോ പ്രക്ഷേപണങ്ങൾ പുസ്തകരൂപത്തിൽ ലഭ്യമാണ്. ഈ ഭാഷകളിലെല്ലാം ബൈബിൾ വീട്ടിലിരുന്ന് പഠിക്കുന്നതിനുള്ള അവസരവും ഞങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി ലക്ഷക്കണക്കിന് ആളുകൾക്ക് ഇദംപ്രഥമമായി ക്രിസ്തുവിന്റെ പരിശുദ്ധമായ വചനം കേൾക്കുവാൻ കഴിയുകയുണ്ടായി. കാർഡുകളിൽ, ഇൻലന്റിൽ, ധാരാളം എഴുത്തുകൾ ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്നു. അഭിനന്ദനവും വിമർശനവും അതിൽ അടങ്ങുന്നുണ്ട്. ബൈബിൾ കറസ്പ്പോണ്ടൻസ് കോഴ്സ് ആവശ്യപ്പെട്ടുകൊണ്ട് ക്രിസ്തീയ പുസ്തകങ്ങൾ ആവശ്യപ്പെട്ട് പലരും എഴുതുന്നുണ്ട്. ആയിരക്കണക്കിന് ആളുകൾ ദൈവത്തെ അനുസരിക്കുകയുണ്ടായി. 200ലധികം ഇടവകകൾ ആരംഭിക്കയുണ്ടായിട്ടുണ്ട്, നിരവധി പേർ ബൈബിൾ പഠിച്ച് ഉപദേഷ്ടാക്കന്മാരാകാൻ പോകുന്നു. എല്ലാറ്റിലും ദൈവനാമം പുകഴ്ത്തപ്പെടുമാറാകാട്ടെ.

പറയുവാനുള്ളതെല്ലാം ഇപ്പോൾ നമ്മുടെ വിഷയത്തെകുറിച്ച് പറഞ്ഞു കഴിഞ്ഞുവെന്നു തോന്നുന്നു. മാസികയും മറ്റു പുസ്തകങ്ങളും കിട്ടി അതു ശരിയായി വായിച്ചവരും മനസിലാക്കിയവരും റേഡിയോ പ്രസംഗങ്ങൾകേട്ട് ശരിയായി ഗ്രഹിച്ചവരും ഏതാണ്ട് സത്യം അറിഞ്ഞു എന്നു വേണം കരുതുവാൻ. എങ്കിൽ നിങ്ങൾ ക്രിസ്തുവിന്റെ സുവിശേഷം അനുസരിപ്പാൻ ഒരുങ്ങുകയോ തയ്യാറാകുകയോ ചെയ്യുകയാവാം. എല്ലാ ലേഖനങ്ങളും തുടർച്ചയായി വായിച്ച് ശരിയായ സഭ ഏതെന്നും രക്ഷ പ്രാപിക്കുവാൻ എന്തു ചെയ്യണമെന്നും അവന്റെ കല്പനകൾ അനുസരിക്കേണ്ടതു എന്തെല്ലാമെന്നും അറിഞ്ഞിട്ട് അവനെ അനുസരിക്കാതെ ഇരിക്കുകയാണോ? ഓരോ ആഴിചയിലും റേഡിയോ പ്രസംഗങ്ങൾ വർഷങ്ങളായി കേട്ടിട്ട് എങ്ങനെ ദൈവത്തെ അനുസരിക്കാതിരിക്കും? തീർച്ചയായും ഇപ്പോൾ നിങ്ങൾക്കു സത്യം അറിയാം. സത്യം അറിയുന്നുവെങ്കിൽ അത് അനുസരിക്കുക. ഇല്ലെങ്കിൽ ക്രമേണ നിങ്ങളുടെ താൽപര്യം നഷ്ടപ്പെടുകയും അകലുകയും ചെയ്യുവാനിടയുണ്ട്.

ഈ രണ്ടു പുസ്തകങ്ങളിലൂടെയും റേഡിയോ പരിപാടിയിലൂ

ടെയും ഈ ലോകത്ത് അനേകം ദുരുപദേഷ്ടാക്കന്മാരും ദുരുപദേശങ്ങളും ഉണ്ട്. അതേ സമയത്ത് സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം എടുത്തു കാണിച്ചിട്ടുണ്ട്. ഇവയെല്ലാം നിങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ; പ്രസംഗങ്ങൾ എല്ലാം ശരിക്കു കേട്ടിട്ടുണ്ടെങ്കിൽ സത്യവും കള്ളവും തമ്മിലുള്ള അന്തരം നിങ്ങൾ ഇതിനകം ഗ്രഹിച്ചിരിക്കും. അതിലധികമായി വ്യത്യാസം മനസ്സിലാക്കുകമാത്രം ചെയ്യാതെ സത്യത്തെ ആഗ്രഹിക്കുകയും അതുമാത്രം അനുസരിക്കുവാൻ ഉള്ള ധൈര്യം പ്രകടിപ്പിക്കയും ചെയ്യണം. എന്നാൽ മാത്രമേ ആ സത്യത്തിനു നിങ്ങളിൽ എന്തെങ്കിലും പ്രയോജനം ചെയ്യാൻ കഴിയൂ. സമ്മർദ്ദങ്ങളോ ദുരഭിമാനമോ അതിനു തടസ്സമായി നിങ്ങൾക്കു തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ അതു നീക്കം ചെയ്യേണ്ടതിനു നിങ്ങൾക്കു മാത്രമേ സാധിക്കയുള്ളു.

ഈ മാസികയും റേഡിയോ പ്രസംഗ പുസ്തകവും ധാരാളം സ്ഥലങ്ങളിലായി ആയിരക്കണക്കിനു ആളുകൾക്ക് അയക്കുന്നുണ്ട്. എല്ലാവരേയും നേരിൽ വന്നു കാണുന്നതിനു പ്രയാസമുണ്ട്. നിങ്ങളുടെ വീട്ടിൽ വന്നു നിങ്ങളോടൊപ്പം ഇരുന്നു ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാൻ ഞങ്ങൾക്കു സന്തോഷമേയുള്ളു. നിങ്ങളുടെ പട്ടണത്തിലോ ഗ്രാമങ്ങളിലോ വന്നു സുവിശേഷ യോഗങ്ങൾ നടത്തുവാനും പ്രസംഗിക്കുവാനും ഞങ്ങൾക്കു സന്തോഷമുണ്ട്. എന്നാൽ സമയവും പണവും പരിമിതമാകയാൽ അതു പൂർണ്ണമായും നിറവേറ്റുക എന്നതു അസ്സാദ്ധ്യമാണ്. എന്നാൽ ഞങ്ങളുടെ ഭാഗത്തുനിന്നും എന്തു ചെയ്യാൻ കഴിയും? തുടർന്നും ഞങ്ങൾ മാസിക, റേഡിയോ പ്രസംഗപുസ്തകം, മറ്റു ലഘുലേഖകൾ അയച്ചുതരുന്നതാണ്. കൂടാതെ എഴുത്തിലൂടെ നിങ്ങളുമായി ബന്ധപ്പെടുവാൻ കഴിയും. നിങ്ങളുടെ എഴുത്തുകളിലൂടെ സംശയങ്ങൾ, ചോദ്യങ്ങൾ എന്നിവ ചോദിക്കുവന്നവർക്കു ഞങ്ങൾ എഴുത്തിലൂടെ ഉത്തരങ്ങൾ അയച്ചു കൊടുക്കാറുണ്ട്. ഏതെങ്കിലും ഒരാൾക്കു വ്യക്തിപരമായ ബൈബിൾ പഠനം ആവശ്യമാണെങ്കിൽ ഞങ്ങളെ അറിയിച്ചാൽ നിങ്ങളുമായി അടുത്ത ബന്ധം പുലർത്താൻ പറ്റിയ സമീപസ്ഥരായ ആരെയെങ്കിലും അയച്ചു ഞങ്ങൾ സഹായിക്കുന്നതാണ്. ആർക്കെങ്കിലും ദൈവത്തെ അനുസരിക്കുന്നതിനായി സ്നാനമേൽക്കുന്നതിനു താല്പ്പര്യപ്പെട്ടാൽ അതിനുള്ള സഹായവും

ചെയ്തുതരുന്നതാണ്.

നിങ്ങൾ ആത്മാർത്ഥമായി ദൈവവഴി പിൻപറ്റുവാൻ ആഗ്രഹിക്കുകയാണെങ്കിൽ അതിനുള്ള വഴി ദൈവം ഒരുക്കിത്തരും എന്നതിൽ സംശയമേ വേണ്ട. കാരണം ദൈവത്തിന്റെ ഉദ്ദേശം മറിച്ചല്ല എന്നതാണ്. ആരുടേയും നിർബന്ധമോ സമ്മർദ്ദമോ കൊണ്ടാകരുത്. സ്വയം തീരുമാനിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. മനസ്സുണ്ടെങ്കിൽ നമ്മുടെ ഇച്ഛ സാഫല്യത്തിൽ വരുത്താം. ദൈവവാഗ്ദാനം അതാണ്. അതിൽ നിങ്ങൾ പൂർണ്ണമായി ആശ്രയിക്കണെമെന്നുമാത്രം.

അതിന്റെ അർത്ഥം ഉത്തരവാദിത്വങ്ങൾ എല്ലാം ഇപ്പോൾ നിങ്ങളിൽ ആണ്. സുവിശേഷം പ്രസംഗിക്കുക എന്നതാണ് ഞങ്ങളുടെ ജോലി. പക്ഷേ ആ സത്യം നിങ്ങൾ പഠിച്ചുകഴിഞ്ഞാൽ പിന്നെ അതു അനുസരിക്കുവാനുള്ള ഉത്തരവാദിത്വം നിങ്ങളിലാണ്. മുകളിൽ പറഞ്ഞതുപോലെ അതിലും അധികം ചെയ്യുവാൻ ഞങ്ങൾ ഒരുക്കമാണ്. മാസിക, പുസ്തകങ്ങൾ, റേഡിയോ പ്രഭാഷണങ്ങൾ തുടങ്ങിയവയിൽ അധികം ചെയ്യുവാൻ ഞങ്ങൾക്ക് അസാദ്ധ്യമാണെങ്കിലും ഞങ്ങൾ ചെയ്യും. ഈ രീതിയിൽ നിങ്ങൾ ദൈവേഷ്ടം അറിഞ്ഞ് അനുസരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. അല്ലാതെ ഞങ്ങൾ നിങ്ങളെ നേരിൽ കണ്ട് സംസാരിക്കുന്നതുവരെ കാത്തിരിക്കാതിരിക്കുക. കാരണം ഒരുപക്ഷേ ഞങ്ങൾക്കു അതിനു കഴിയാതെ പോയേക്കാം.

വീണ്ടും ഞാൻ ഊന്നി പറയുവാൻ ആഗ്രഹിക്കുന്നത്, ഒരിക്കൽ നിങ്ങൾ ദൈവേഷ്ടം അറിഞ്ഞുകഴിഞ്ഞാൽ അതനുസരിച്ചു പ്രവർത്തിക്കണം എന്നതാണ്. അതു നീട്ടിവെക്കാതിരിക്കുക. അതിനായി കാത്തിരിക്കുന്നതും ശരിയല്ല. അതുമല്ലെങ്കിൽ സൗകര്യത്തിനനുസരിച്ച് ഏതെങ്കിലും നാമധേയ വിഭാഗത്തോടു ചേരുകയും അരുത്. ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസം മതപരമായ തെറ്റുകളിൽ ചെന്നു വീണാൽ അതു നിങ്ങളിൽ ഒരു ഗുണവും ചെയ്യുകയില്ല. ഒരു നാമധേയ വിഭാഗം വിട്ട് മറ്റൊന്നിൽ ചേരുന്നവരുണ്ട് അതുകൊണ്ടും ഒരു പ്രയോജനവും ആത്മീയമായി ഇല്ല. അതുകൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ ഞങ്ങളെ അറിയിച്ചാൽ അതിന്റെ ആധികാരികതയെ ഞങ്ങൾ ബൈബിളിൽ നിന്നും നിങ്ങളെ ബോധ്യ

പ്പെടുത്തുന്നതാണ്. ശരിയായ വിധത്തിൽ ദൈവത്തെ അനുസരിച്ച് ജീവിക്കുവാൻ ഞങ്ങളുടെ കഴിവനുസരിച്ച് നിങ്ങളെ സഹായിക്കുന്നതാണ്. പക്ഷേ നിങ്ങൾ ഞങ്ങൾക്കു എഴുതുവാൻ അമാന്തിക്കരുത്. ക്രിസ്തുവിന്റെ സഭയുടെ ആരാധനയിൽ നിങ്ങൾക്കു പങ്കെടുക്കുവാനുള്ള അവസരവും ഒരുക്കുന്നതാണ്. പുതിയ നിയമസഭ നിങ്ങളുടെ പ്രദേശത്ത് ആരംഭിക്കണമെന്നുണ്ടെങ്കിൽ അതും ഞങ്ങളെ അറിയിക്കുക.

നിങ്ങൾ വാസ്തവമായി ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ ക്രിസ്തുവിൽ വിശ്വസിച്ച് നിങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, ക്രിസ്തു ദൈവ പുത്രനാണെന്ന് ഏറ്റുപറഞ്ഞ്, പാപമോചനത്തിനായി വെള്ളത്തിൽ സ്നാനമേൽക്കുക (മർക്കൊസ് 16:16; ലൂക്കൊസ് 13:3; റോമർ 10:10; പ്രവൃത്തി 2:38) നിങ്ങൾ ഇതു ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ രക്ഷിക്കുകയും ഏക സഭയായ അവന്റെ സഭയിലേക്ക് ചേർക്കുകയും ചെയ്യുന്നു. ആ ഒരു സഭ മാത്രമാണ് നിങ്ങൾക്കു ബൈബിളിൽ വായിക്കാൻ കഴിയുന്നത് (പ്രവൃത്തി 2:47).

നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, കർത്താവിന്റെ സഭയിലെ ഒരംഗമാണെങ്കിൽ മറ്റംഗങ്ങളോടൊപ്പം എല്ലാ കർത്തൃ ദിവസത്തിലും നിങ്ങൾ കൂടിവരികയും ദൈവത്തെ ആരാധിക്കുകയും ചെയ്യണം. ദൈനന്തിനം ക്രിസ്തുവിനുവേണ്ടി ജീവിക്കുകയും വേണം. കൂടാതെ നിങ്ങൾക്കു ചുറ്റും വസിക്കുന്നവരെ ദൈവത്തിൽ വിശ്വസിച്ച് ക്രിസ്തുവിനെ അനുസരിക്കുവാൻ പഠിപ്പിക്കണം. നിങ്ങളുടെ പരിചയക്കാർക്കും സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും പുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവ വിതരണത്തിനും മറ്റും കൂടുതലായി ആവശ്യമെങ്കിൽ സദയം ഞങ്ങളെ അറിയിക്കുക. അയച്ചു തരുന്നതിൽ ഞങ്ങൾക്കു സന്തോഷമേയുള്ളു.

നിങ്ങളോടുകൂടെ സുവിശേഷം പങ്കിടുവാൻ സാധിച്ചതിൽ നന്ദി പ്രകടിപ്പിക്കട്ടെ, നിങ്ങൾ കർത്താവിനെ അനുസരിച്ചാൽ നിങ്ങൾ ക്രിസ്തുവിൽ ഞങ്ങളുടെ സഹോദരീ സഹോദരന്മാരായിതീരുന്നു. അങ്ങനെ ദൈവത്തിന്റെ ഭവനത്തിൽ നമുക്ക് ഒരുമിച്ച് കർത്താവിന്റെ ദൂത് എല്ലാവരോടും അറിയിക്കാം. അതിനേക്കാൾ വലിയ മാന്യത മറ്റൊന്നിലുമില്ല. ഇതാണ് മനുഷ്യർക്ക് വേണ്ടിയുള്ള ദൈവത്തിന്റെ ഏക പദ്ധതി. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗം സന്തോഷിക്കുന്നു.

✱

# ടെലിവിഷൻ, വീഡിയോ തുടങ്ങിയവ

## J.C. ചോട്ട്

ചലച്ചിത്രം, സിനിമ എന്നിവയുമായി ബന്ധപ്പെട്ട എന്തുതന്നെയായാലും അതിനെ കണ്ണടച്ച് എതിർത്തിരുന്നവർ ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ടെന്നാണ് തോന്നുന്നത്. ഇത് സിനിമ ആരംഭിച്ചപ്പോൾ വളർന്നു വന്ന ആശയമായിരുന്നു. അതിനു മുമ്പ് ചിത്രങ്ങളെല്ലാം നിശ്ചലമായിരുന്നു. ഒരാൾക്ക് ഒരു ദൃശ്യം ഒരു പ്രാവശ്യം മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളു. പിന്നീട് അഭിനേതാക്കൾ ചലിക്കുവാനും അവരുടെ സംസാരം കേൾക്കുവാനും എല്ലാം സിനിമയിലൂടെ സാദ്ധ്യമായപ്പോൾ ജനങ്ങൾ വിചാരിച്ചു ഇതു തികച്ചും സാത്താന്റെ പണിതന്നെയാണ്. അവരുടെ ഈ വാദഗതിക്ക് ശക്തി പ്രാപിച്ചത്, ലോകത്തിൽ ചില ഭാഗത്ത് യുവതീയുവാക്കൾ തിയേറ്ററിൽ ഇരുണ്ട ഭാഗത്ത് ഇരുന്നു അവരുടെ വികാരങ്ങൾ പ്രകടിപ്പിച്ചപ്പോഴാണ്. ഇരുട്ടിന്റെ പ്രവൃത്തിയാണല്ലോ പാപം. പാപം ചെയ്യിക്കുന്നത് പിശാചും. അതുകൊണ്ട് ആത്മീയതക്കു കളങ്കം വരുത്തുന്നവയാണ് ഇവയെന്നും വാദിച്ചുകൊണ്ടിരുന്നു.

കാലം കുറെ കഴിഞ്ഞതോടെ ക്രിസ്തുവിൽ വിശ്വാസികളായവർക്കിടയിൽ ഭൂരിഭാഗം പേരും ചലിക്കുന്നതും സംസാരിക്കുന്നതുമായ ഫിലിമുകൾ ഇഷ്ടപ്പെടാൻ തുടങ്ങി. സിനിമ അപ്പോഴേക്കും ഒരു വ്യവസായമായി വളർന്നുകഴിഞ്ഞു. ഒരു സിനിമ ചലിക്കുന്നതുകൊണ്ടോ ശബ്ദിക്കുന്നതുകൊണ്ടോ തീർച്ചയായും അതു തെറ്റ് എന്ന് പറയാൻ സാദ്ധ്യമല്ല. ഇനി അവർ ചെയ്യുന്ന പ്രവൃത്തികളും അവരുടെ സംസാര ശൈലികളും ശ്രദ്ധിക്കുമല്ലോ. അതുപോലെ കാണുവാൻ ചെന്നിരിക്കുന്ന സ്ഥലവും നാം കണക്കിലെടുക്കണം. ക്രിസ്തുവിൽ വിശ്വാസികളായ ഞങ്ങൾ ചലിക്കുന്നതും സംസാരിക്കുന്നതുമായ ഫിലിമുകൾ നല്ലതാണെന്നു കണ്ടെത്തി അത് അംഗീകരിക്കുകയും ശരിയായി ഉപയോഗിക്കുകയും ചെയ്യുന്നു. കർത്താവിന്റെ വേലയിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് അതു സഹായകരമായി തീർന്നിട്ടുണ്ട് എന്നു പറയാതിരിക്കാൻ നിവൃത്തി

യില്ല. എന്നാൽ എല്ലാ സിനിമകളും അതെന്തുതന്നെയായാലും അത് എവിടെവെച്ചു പ്രദർശിപ്പിച്ചാലും തരക്കേടില്ല; പോയി കാണാം എന്ന അഭിപ്രായത്തോട് യോജിക്കാൻ പറ്റുകയില്ല. തന്നെയുമല്ല മറ്റുള്ള വരെ പൊതുവിൽ എല്ലാം കാണുന്നതിനു പ്രോത്സാഹിപ്പിക്കുന്നതും ശരിയല്ല. വിഷയം, ഭാഷ, സംഭാഷണരീതി, പ്രദർശിപ്പിക്കുന്ന സ്ഥലം എന്നിവ പരിഗണനയ്ക്കായി എടുക്കേണ്ടതാണ്. അപ്പോൾ അധികം സിനിമകളും വിശ്വാസികൾ ഒഴിഞ്ഞുമാറി നിൽക്കേണ്ടതായിവരും. വേറൊരർത്ഥത്തിൽ പറഞ്ഞാൽ സിനിമ കാണുക എന്നാൽ മറ്റനേകം കാര്യങ്ങളേപ്പോലെയാണെന്നതാണ് ശരി. നല്ലൊരു തീരുമാനം എടു ക്കേണ്ടത് ഇവിടെ ആവശ്യമായി വരുന്നു. നിങ്ങൾ പോയി കാണുന്ന തെന്ത്. നിങ്ങളുടെ കുടുംബം കാണുവാൻ ആഗ്രഹിക്കുന്നതെന്ത്, മറ്റുള്ളവർക്കുള്ള പ്രതികരണം എന്നീ കാര്യങ്ങൾ വെച്ചുകൊണ്ടുള്ള തീരുമാനമായിരിക്കണം വേണ്ടത്.

ഇപ്പോൾ താങ്കൾ വന്നു പറയുകയാണ്, "ഞാൻ എല്ലാത്തരം സിനിമകളെയും എതിർക്കുന്നുവെന്ന്". അങ്ങനെ വരുമ്പോൾ അതിൽ ക്രിസ്തീയ ഫിലിം, വിദ്യാഭ്യാസപരവും വാർത്താപരവു മായ പടങ്ങൾ, വിജ്ഞാനപ്രദമായ മറ്റു സിനിമകൾ എന്നിവയെല്ലാം രസകരമായി നിങ്ങളുടെ ടെലിവിഷനിലും മറ്റും കാണപ്പെടുന്നുണ്ട്. അതെല്ലാം തെറ്റാണെന്ന് എങ്ങനെ പറയാൻ കഴിയും? അപ്പോൾ അതുപോലെയുള്ള പൊതുവായ പ്രസ്താവനകൾ വാസ്തവത്തിൽ അടിസ്ഥാനരഹിതമെന്ന് തെളിയുന്നു. എല്ലാറ്റിലും നൻമയും തിൻമ യും...നല്ലതും മോശമായതും ഉണ്ട് എന്നതാണ് യാഥാർത്ഥ്യം. നന്മ ക്കായും തിന്മക്കായും സിനിമ ഒരുപകരണമായി ഉപയോഗിക്കാം. നാം വീട്ടിൽ ഉപയോഗിക്കുന്ന കത്തി വളരെ ഉപകാരപ്രദമാണ്. അതേ ആയുധം കൊലപാതകത്തിനും ഉപയോഗിക്കുന്നുണ്ട്. അതിനാൽ ആരെങ്കിലും കത്തിയേ പാടില്ല എന്ന് പറയാറുണ്ടോ? ദൈവമക്ക ളായ നാം തിന്മയെ ചെറുക്കുകയും നന്മയെ സ്വീകരിക്കുകയും ചെയ്യണം. ആ വീക്ഷണത്തോടെ കാര്യങ്ങൾ നാം നോക്കുകയാ ണെങ്കിൽ മറ്റുള്ളവർ നമ്മെ കാണുന്നതു പ്രായോഗികവും യുക്തി സഹജവുമായ ചിന്തയുള്ള ആളുകളായിട്ടാണ്. മതഭ്രാന്തുള്ള അവ സ്ഥയിൽ നാം എല്ലാറ്റിനേയും എതിർത്താൽ എല്ലാവരും നമ്മെ തള്ളിക്കളയും എന്നതിനു സംശയമില്ല.

ഇനി ടെലിവിഷൻ, വീഡിയോ തുടങ്ങിയവയിലേക്കു കടക്കാം. ഇപ്പോൾ ഇന്ത്യയിൽ എല്ലായിടത്തും വ്യാപരിച്ചുകൊണ്ടിരിക്കുന്നു. മുമ്പ് പ്രധാനപ്പെട്ട നഗരങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്നു. കാരണം അവർക്കു മാത്രമേ വിലകൂടിയ സെറ്റുകൾ വാങ്ങുവാൻ കഴിഞ്ഞിരുന്നുള്ളു. എന്നാൽ അന്നത്തെ സ്ഥിതി മറിച്ചാണ്. വ്യവസായങ്ങൾ അഭിവൃദ്ധി പ്രാപിച്ചതോടെയും കൂടുതൽ പ്രക്ഷേപണ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടെയും ചെറിയ പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും കൂടെ ദൃശ്യമാകത്തക്കവിധത്തിൽ സ്ഥിതിഗതികൾ ആയി തീർന്നു. അതുപോലെ കൂടുതൽ ടെലിവിഷൻ സെറ്റുകൾ ഉൽപാദിപ്പിക്കപ്പെടുന്നു. വർണ്ണങ്ങൾ പ്രതിഫിലിപ്പിക്കുന്നതും അല്ലാത്തതുമായ അനേകം തരത്തിലുള്ള സെറ്റുകൾ മൽസരബുദ്ധിയോടെ ഇറക്കിയപ്പോൾ അത് ആളുകൾക്കു താങ്ങാവുന്ന വിലയിലായിത്തീർന്നു. അങ്ങനെ ഈ രാജ്യത്ത് ടെലിവിഷൻ എന്നു പറയുന്നത് ഒരു വലിയ കാര്യവും ജീവിതത്തിന്റെ ഒരു ഭാഗമെന്നോണവും ആയിതീർന്നു എന്ന് വേണമെങ്കിൽ പറയാം.

ഓരോരുത്തർക്ക് അവരവരുടെ വീടുകളിലിരുന്ന് ലോകത്തുനടക്കുന്ന സംഭവങ്ങൾ നേരിൽ കാണാം. വാർത്തകൾ അറിയാം, കായികരംഗത്തു നടക്കുന്നവയെല്ലാം വ്യക്തമാകും. സംസ്ഥാനത്തെക്കുറിച്ച്, ആളുകളെകുറിച്ച് കൂടുതലായി മനസിലാക്കുവാനും കഴിയുന്നു. മറ്റുള്ള സംസ്ഥാനങ്ങളിൽ നടക്കുന്ന സംഭവവികാസങ്ങളും ഗ്രഹിക്കാം, രാഷ്ട്രീയം, ചരിത്രം, തൊഴിൽ സാദ്ധ്യത, അതുപോലെ പല പ്രയോജനപ്രദമായ കാര്യങ്ങൾ കേൾക്കുന്നവർ, അറിവിലും വിദ്യാഭ്യാസത്തിലും അവരുടെ ജീവിതരീതിയിലും മാറ്റം വരുന്നതു സ്വാഭാവികമാണ്. വ്യത്യസ്ഥവും എന്നാൽ ഏകവുമായ ഒരു കാഴ്ചപ്പാടാണ് ഇപ്പോൾ ഇന്ത്യയിൽ കാണപ്പെടുന്ന പ്രത്യേകത. സുവിശേഷം നമുക്ക് ടിവിയിൽകൂടെ അറിയിക്കുവാനും കഴിയുന്നു.

ഇപ്പോൾ ഇവയെല്ലാം നല്ലതിനോ മോശമായതിനോ എന്നതാണ് പ്രശ്നം. മറ്റുള്ള എന്തിലും കാണുന്നതുപോലെ ഇതിലും നൻമയും തിന്മയും ഉണ്ട്. ഇവയിലുള്ള നന്മ എന്തെന്നാൽ, പൊതുവിൽ വിനോദപ്രദമായത്, വിവരണങ്ങൾ, ലഭ്യമാകുന്ന വിദ്യാഭ്യാസ പരിപാടികൾ, ലോകത്തിൽ ശേഷിച്ച സ്ഥലങ്ങളിൽ വചനം എത്തിച്ചുകൊണ്ടിരിക്കുന്നു എന്നിവയാണവ. മോശമായ കാര്യങ്ങളിൽ, സുപ്രധാ

നമായവ വീട്ടാവശ്യങ്ങൾ മുടക്കി ടെലിവിഷൻ സെറ്റുകൾ വാങ്ങുന്നതും ഉൾപ്പെടും. ഒരു കുടിലിന്റെ മുകളിൽ ടെലിവിഷൻ സെറ്റിന്റെ ആന്റിന കാണുമ്പോൾ, അവർ അവരുടെ പ്രാഥമികാവശ്യങ്ങളെ അവഗണിച്ചു കടം വാങ്ങി സെറ്റുകൾ വാങ്ങിവെക്കുന്നതിലുള്ള ഔചിത്യം ഒന്നാലോചിച്ചുനോക്കു. ക്രിസ്ത്യാനിയായിതീർന്ന ആളുകൾ വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരണസമയത്തും തുച്ഛമായി ഇടുന്നതു കാണുമ്പോൾ അവർ ദരിദ്രരെന്നു നാം അനുമാനിക്കും, അതേസമയം അവർ ടിവി സെറ്റ് വീട്ടിൽ വാങ്ങിവെച്ചിരിക്കുന്നതു കണ്ടാലോ? അവിടെയാണ് അത് മോശമായി മാറുന്നത്.

മറ്റുചിലർ എപ്പോഴും ടെലിവിഷനു മുമ്പിൽ പടിഞ്ഞിരിക്കും. ടെലിവിഷൻ അവരെ സേവിക്കുന്നതിനു പകരം അവർ ടെലിവിഷനെ സേവിക്കുകയാണ് ചെയ്യുന്നത്. സുപ്രധാന കാര്യങ്ങളെ അവർ തള്ളിക്കളയുകയും ചെയ്‌വാൻ ഇടവരും. ഉദാഹരണമായി ടെലിവിഷനിൽ നല്ലൊരു പ്രോഗ്രാം ഉണ്ടെങ്കിൽ പിന്നെ ആരാധന വേണ്ട, ബൈബിൾ പഠനമോ ക്ലാസുകളോ വേണ്ടാ എന്നതു മാരകമായ ഒരു രോഗമാണ്. അതു വളരെ മോശമാണ്. കർത്താവിന്റെ വേല ചെയ്യേണ്ടസമയം നാം ഒരിക്കലും ടെലിവിഷനു വിട്ടുകൊടുക്കരുത്. ടെലിവിഷനിൽ ഫിലിം പ്രോഗ്രാം ഉള്ള സമയത്ത് മീറ്റിങ്ങുകൾ സംഘടിപ്പിക്കരുത് എന്നുപോലും ആളുകൾ മന്നറിയിപ്പു നൽകാറുണ്ട്. കാരണം ആ സമയത്ത് ആളുകൾ യോഗങ്ങൾക്കു വരാൻ മടിക്കുമെന്നതാണ്. കർത്താവിനും അവന്റെ വചനത്തിനും കൊടുക്കേണ്ട സ്ഥാനം നാം ടെലിവിഷനു കൊടുക്കയോ? ഒരുനാളും അരുത്. എല്ലാ ദിവസവും ടെലിവിഷനിൽ സിനിമ പ്രക്ഷേപണം ചെയ്യുന്നുവെങ്കിൽ അപ്പോൾ പിന്നെ ഗോസ്പൽ മീറ്റിങ്ങുകൾ നടത്തേണ്ട എന്നാണോ? ഓർക്കണം! ആത്മാക്കൾ നശിച്ചുകൊണ്ടിരിക്കുകയാണ്. മോശമായ ചില സ്വാധീനങ്ങളും ടെലിവിഷൻ മുഖാന്തരം ഉണ്ടായെന്നുവരാം. സംഭാഷണം ഒരാളുടെ സ്വഭാവം, വിവാഹം, പെരുമാറ്റം മുതലായവ തന്റെ വീട്ടിലുള്ള സെറ്റിൽക്കൂടെ കണ്ടതിന്റെ അനന്തരഫലങ്ങളായി മാറാറുണ്ട്. ഇനിയും പറയുകയാണെങ്കിൽ മോശമായ രംഗങ്ങൾ വളരെ പറയാനായിട്ടുണ്ട്. എന്നാൽ ടെലിവിഷന്റെ സ്വാധീനം എല്ലായിടത്തും എത്തുന്നുണ്ട്.

ടെലിവിഷനോടു കൂടെ പ്രചാരത്തിലിരിക്കുന്ന ഒന്നാണ്

വീഡിയോ എന്ന യന്ത്രം. ഇതു മറ്റു രാജ്യങ്ങളിൽ നിന്നും കൊണ്ടു വരുന്നുണ്ട്. ധാരാളം നമ്മുടെ രാജ്യത്ത് വിൽക്കപ്പെടുന്നു. വീഡിയോകളും സെറ്റുകളും അടങ്ങുന്ന ലൈബ്രറികളും വ്യാപിച്ചു കഴിഞ്ഞു. പഴയതും പുതിയതുമായ സിനിമകൾ, കായികരംഗം, അങ്ങനെ നിങ്ങൾക്ക് ചിന്തിക്കാവുന്നതെന്തും ഇന്നു സുലഭമാണ്. ഏതാനും ഭവനങ്ങൾ സിനിമാശാലകളായിട്ടുണ്ട്, ഉപയോക്താക്കളെ ആകർഷിക്കുന്നതിനു വലിയ ഹോട്ടലുകൾ ഇതു ഉപയോഗിച്ചു വരുന്നു. വീഡിയോ ഉപയോഗിക്കുന്നതിലും ചില നല്ല വശങ്ങൾ ഉണ്ട് എന്ന് നിസ്സംശയം പറയാം. അതിന് മറ്റൊരു വശവുമുണ്ട്, അതായത് മോശമായത്, ആദ്യമായി വില വളരെ ഉയർന്നതാണ്. രണ്ടാമതായി നഷ്ടപ്പെടുന്ന സമയം അവിശ്വസനീയമാണ്. അവസാനമായി ഇതിലെ വിഷയവിവരങ്ങൾ പ്രായമായവർക്ക് കുട്ടികളോടു പറയാൻ പറ്റാത്ത രീതിയിൽ മോശമായവയായിരിക്കും.

ഇനി ക്രിസ്ത്യാനികളായ നാം ഇവയെ എല്ലാം എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതാണ്? ഞാൻ മുൻപ് പറഞ്ഞതുപോലെ അവയെല്ലാം ഇവിടെ വന്നു കഴിഞ്ഞു. അതിനാൽ അവയെ ശരിയായി ഉപയോഗിക്കുവാൻ നാം പഠിക്കണം. നമുക്കു തീർത്തും ഇവയെ വിലക്കുവാൻ പാടില്ല. കാരണം, ലോകത്തിന്റെ ചിലഭാഗത്ത് നമ്മുടെ സഹോദരന്മാർ ഈ ടെലിവിഷൻ, വീഡിയോ തുടങ്ങിയവയെല്ലാം സുവിശേഷപ്രചരണത്തിനായി ഉപയോഗിക്കുന്നുണ്ട്. ഒരു വസ്തുവിൽ സ്വയമായി തിൻമ കാണുകയില്ല, എന്നാൽ ആ വസ്തുവിനെ സ്വയമായി തിൻമക്കായും ഉപയോഗിക്കാം എന്നതു വാസ്തവമാണ്. മോശമായ വശങ്ങൾ തള്ളിക്കളഞ്ഞ് നല്ല വശങ്ങൾ സ്വീകരിക്കുന്നതിനാണ് ഒരു യഥാർത്ഥവിശ്വാസി പഠിക്കേണ്ടത്.

മുൻഗണന കൊടുക്കേണ്ടവർക്ക് നാം മുൻഗണന കൊടുക്കണം. ടെലിവിഷനും മറ്റും നല്ലതാണ്. പക്ഷേ അവയെക്കാൾ വലുതു ദൈവമാണ്. ടിവിക്കോ മറ്റു വസ്തുക്കൾക്കോ നമ്മെ രക്ഷിക്കുവാനോ സ്വർഗ്ഗത്തിലേക്കു നയിക്കുവാനോ കഴിയുന്നില്ല. ദുരുപയോഗത്താൽ ഒരു നല്ല കാര്യത്തെ ഒരാൾക്ക് മോശമാക്കി മാറ്റാം. "എന്നാൽ മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇവയൊക്കെയും നിങ്ങൾക്ക് കിട്ടും ലഭിക്കും" (മത്തായി 6:33). ദൈവം, ആരാധന, ദൈവവേല, അവനുള്ള നല്കൽ

എന്നിവ, ടെലിവിഷനും മറ്റെന്തിനും മുൻപായി, നാം സ്വീകരിക്കണം എന്നർത്ഥം. മറ്റൊരു കാര്യം കൂടെ യേശുക്രിസ്തു പറയുകയുണ്ടായി, "രണ്ട് യജമാനൻമാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ച് മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തേയും മാമോനെയും സേവിപ്പാൻ കഴികയില്ല" (മത്തായി 6:24).

ഉത്തരവാദിത്വത്തോടെ നാം ടെലിവിഷനും മറ്റും ഉപയോഗിക്കുകയാണെങ്കിൽ അതിൻമേൽ ശരിയായ ഒരു നിയന്ത്രണം കൊടുക്കാൻ നമുക്കു കഴിയും. അങ്ങനെ വരുമ്പോൾ അതു പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരവസ്ഥയിലായി നാം മാറുന്നു. ഒരിക്കൽ നാം ഇവയൊന്നും കൂടാതെ ജീവിച്ചവരാണ്. ഇപ്പോഴും അവയൊന്നുമില്ലാതെ നമുക്കു ജീവിക്കാം. നാം നമ്മെ തന്നെ സൂക്ഷിക്കേണ്ടതാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നമ്മെ നിയന്ത്രണാധീനമാക്കുവാൻ നമുക്കു കഴിയണം. നമ്മുടെ സമയം, ദൈവത്തോടുള്ള നമ്മുടെ ബന്ധം, ദൈവത്തിനായുള്ള നമ്മുടെ സ്വാധീനം മുതലായവയിൽ നമ്മുടെ നിയന്ത്രണം വിട്ടു പോകരുതല്ലോ. അതേപോലെ നിയന്ത്രണത്തോടു കൂടെ ഉപയോഗിക്കാൻ കഴിയുന്നവർക്ക് അത് നന്മക്കായി ഉപയോഗിക്കാം. നിയന്ത്രിക്കാൻ കഴിയാത്തവർ ഇത്തരത്തിലുള്ള ഉപകരണങ്ങൾ വാങ്ങാതിരിക്കുകയാണ് നല്ലത്. എന്നാൽ അവിടെയുമുണ്ട് പ്രശ്നം. അവർ പരീക്ഷിക്കപ്പെട്ടു അയൽ വീടുകളിൽ പോയിരുന്നു കാണും. അതു നമുക്കും മറ്റുള്ളവർക്കും പിന്നീട് ദോഷമാണ് വരുത്തിവെക്കുന്നത്.

ആധുനിക യുഗത്തിൽ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്ന സംഭവങ്ങൾ ഉണ്ട്. വസ്തുക്കളുണ്ട്. എന്നാൽ ചിന്തിക്കേണ്ടത്, നാം ദൈവത്തിനു കീഴ്പ്പെട്ടു അവന്റെ നിന്ത്രണത്തിലാണോ അതോ കേവലം നശ്വരമായ നമ്മുടെ ശരീരത്തിന്റെ ഇച്ഛയായ വികാരത്തിന്റെ നിയന്ത്രണത്തിലാണോ? നാം ചെയ്യുന്നത് നമ്മുടെ ഇഷ്ടപ്രകാരമാണോ അതോ ദൈവേഷ്ട പ്രകാരമാണോ? കർത്താവിൽ നിന്നും നമ്മെ അകറ്റുവാൻ തക്ക സ്ഥാനം ഇവക്കു നാം വിട്ടുകൊടുക്കാമോ? ഇപ്രകാരം പരമാർത്ഥ ഹൃദയത്തോടെ പരിശോധിച്ച് തീയതിനെ വെറുക്കുകയും നല്ലതിനെ പിടിച്ചുകൊള്ളുകയും ചെയ്യുക. ഇതു

ദുഷ്ക്കാലമാകയാൽ സുബോധത്തോടെ സമയം തക്കത്തിൽ ഉപയോഗിക്കുകയാണ് വേണ്ടത്. നമ്മുടെ ബുദ്ധി നാം ശരിയായ വിവേചനത്തിനായി ഉപയോഗിക്കുക.

✶

## ഭൗതീകമോ ആത്മീകമോ?

ഈ കാലത്ത് കേൾക്കാറുള്ള ഒരു കാര്യം, ധാരാളം പ്രാർത്ഥനാഗ്രൂപ്പുകൾ അവിടവിടെയായി കാണപ്പെടുന്നു എന്നതാണ്. കൂടുതൽ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുക, അന്യോന്യം സംസാരത്തിലും പ്രവൃത്തിയിലും സ്നേഹ പ്രകടനം നടത്തുക. ഇന്ന് സമൂഹത്തിൽ ഉയർന്ന ഒരു തരം തോന്നൽ അവരെകുറിച്ച് പരക്കുവാൻ സഹായിച്ചിട്ടുണ്ട്. അതെല്ലാം ആത്മീയമാണോ അതോ വെറും ചടങ്ങുകളാണോ എന്നതാണ് ചിന്തനീയം. ഈ ഗ്രൂപ്പുകളുടെയെല്ലാം ഉദ്ദേശത്തെ കുറിച്ചും പൊതുസ്വഭാവത്തെക്കുറിച്ചും മനസ്സിലാക്കാതെ അവയെ സംബന്ധിച്ച് ശരിയായ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ പ്രയാസമാണ്.

ആളുകൾക്ക് ദൈവത്തോട് ബന്ധപ്പെടുവാനുള്ള ഒരു വ്യഗ്രത ഇതിൽ കാണപ്പെടുന്നുണ്ട് എന്നു പറയാം. പക്ഷെ പലരും ഇതിനെ മുതലെടുക്കുന്നുണ്ട് എന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. ശരിയായ സത്യാന്വേഷികൾക്ക് ദൈവം സത്യം അറിയുവാനുള്ള അവസരം നല്കും.

ബൈബിളിൽ ആത്മീയമെന്നു പറയുമ്പോൾ അതെന്തെന്നുകൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആത്മാവിനെ സംബന്ധിക്കുന്ന കാര്യങ്ങളെയാണ് ആത്മികമെന്ന് പറയുന്നത്. മനുഷ്യന്റെ ആത്മാവ് ദൈവത്തിൽനിന്നു വന്നതാണ്. കാരണം മനുഷ്യർ ദൈവത്തിന്റെ സന്താനങ്ങളാണ്. നമ്മെ മെനഞ്ഞിരിക്കുന്നത് ദൈവസാദൃശത്തിലാണ്. അതാണ് നമ്മുടെ ആന്തരിക രൂപം. നമ്മുടെ പ്രാർത്ഥനയിലും സംഭാഷണത്തിലും അധിക പങ്കും ആത്മീകവും ഭൗതീകവുമായ കാര്യത്തെക്കുറിച്ചു പതിപാദിക്കുന്നു. അവ പരസ്പരം മാറ്റിനിർത്തിയിട്ടുള്ളതായി കരുതപ്പെട്ടിട്ടുണ്ട്. ആത്മീയം എന്നതിന്റെ നിർവചനം മനുഷ്യനിർമ്മിതമായ നിഘണ്ടുവിൽനിന്നെടുക്കുമ്പോൾ അത് ദൈവോദ്ദേശപരമായിരിക്കയില്ല. വസ്തുക്കളാൽ ഉണ്ടാക്കപ്പെടുന്നവയല്ലെ

ങ്കിൽ ഒരു പക്ഷേ ആത്മീയമാണ് എന്ന അർത്ഥമാണ് അതിന് അവർ നൽകിയിരിക്കുന്നത്. അതു വാസ്തവവിരുദ്ധമാണെന്നു ബൈബിൾ വായിക്കുമ്പോൾ മനസ്സിലാകും. ഉദാഹരണമായി ഗലാത്യർ 6:1-ൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ ആത്മീയരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ". നമ്മുടെ ചന്തയിലും ഭാഷയിലും കടന്നുകൂടിയിരിക്കുന്നത് അധികവും കഴിഞ്ഞകാല തത്വചിന്തകരായിരുന്ന വ്യക്തികളുടെ അഭിപ്രായങ്ങളാണ്. എന്നാൽ അതിനേക്കാൾ അർത്ഥസൂചകവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ആണ് ബൈബിളിൽ എല്ലാവർക്കുമായി നൽകപ്പെട്ടിരിക്കുന്നത്.

മുന്തിരിവള്ളി എന്ന വാക്ക് 10 രീതികളിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിന്റെയെല്ലാം അടിസ്ഥാനപരമായ അർത്ഥം വൈപരീത്യത്തെ ജനിപ്പിക്കുന്നില്ല. അതുപോലെ ആത്മീയമെന്ന വാക്കിന്റേയും പൊതുവായ അർത്ഥത്തിൽ, വാക്യാനുബന്ധത്തിൽ വ്യത്യാസം കണ്ടെത്തുവാൻ സാദ്ധ്യമല്ല. ഓരോ സാഹചര്യത്തിലും സൂചിപ്പിച്ചിരിക്കുന്നതു അതു തെളിയിക്കപ്പെടുന്നുണ്ട്. ഗലാത്യർ 6:1ൽപറഞ്ഞിരിക്കുന്നത്. ആത്മീയം എന്ന വാക്കിന്റെ അർത്ഥം, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന, നിയന്ത്രിക്കപ്പെടുന്ന, ഉണ്ടാക്കപ്പെടുന്നവ എന്നതാണ്. അതു മനസിൽ സങ്കല്പിച്ചു കൊണ്ട് പുതിയ നിയമം മുഴുവൻ വായിച്ചാൽ അവിടെ പറഞ്ഞിരിക്കുന്ന ഈ വാക്കുകളെല്ലാം തന്നെ എത്രമാത്രം ഒന്നിനൊന്നു യോജിക്കുന്നവയാണെന്നു മനസിലാക്കാം.

റോമർ 1-ാംഅദ്ധ്യായം 11-ാം വാക്യത്തിൽ പ്രസ്താവിക്കുന്ന ആത്മീയ വരങ്ങളാണ് 1 കൊരിന്ത്യർ 12-ാംഅദ്ധ്യായം 1 മുതൽ 3 വരെയുള്ള വാക്യങ്ങളിൽ അപ്പോസ്തലനായ പൗലോസ് പറഞ്ഞിരിക്കുന്നത്. ആത്മാവിനാൽ ലഭിച്ചതായ വരങ്ങളായിട്ടാണ് ഈ ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത് (1കൊരിന്ത്യർ 12:8). ആത്മീയമെന്നതിനെക്കുറിച്ച് പറഞ്ഞിട്ടുള്ള എല്ലാ വാക്യങ്ങളും എടുത്തുപറയുവാൻ സ്ഥലപരിമിതി അനുവദിക്കാത്തതുകൊണ്ട് ഏതാനും വാക്യങ്ങൾ നമുക്കു നോക്കാം. "ന്യായപ്രമാണം ആത്മീകം എന്നു നാം അറിയുന്നുവല്ലോ" (റോമർ 7:14) അതായത്, ന്യായപ്രമാണം ദൈവാ

ത്മാവിനാൽ നയിക്കപ്പെട്ടവയായിരുന്നു എന്നർത്ഥം, അപ്പോസ്തലന്മാരുടെ ഉപദേശത്തെക്കുറിച്ചു പറയുമ്പോൾ, പൗലോസ് പറയുന്നതു വായിക്കുമ്പോൾ, "അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായതു തെളിയിക്കുന്നു" എന്നു കാണുന്നു. പുനരുത്ഥാനത്തെപ്പറ്റി പറയുമ്പോഴും ആത്മീയമെന്നതിനെ വിവരിക്കുന്നതു നോക്കുക; പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു. ആത്മീകശരീരം ഉയിർക്കുന്നു; പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മീകശരീരവും ഉണ്ട്, രണ്ടാം മനുഷ്യനായ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മീകമല്ല; പ്രാകൃതമത്രെ ഒന്നാമത്തേത്, ആത്മീകം പിന്നത്തേതിൽ വരുന്നു. നാം എല്ലാവരും ശരീരമുള്ളവരായിരിക്കും. അത് ആത്മീകശരീരവും ആയിരിക്കും. കണ്ണിമയ്ക്കുന്നതിനിടയിൽ ദൈവാത്മാവിൽ ഉണ്ടാകുന്ന ഒരു രൂപാന്തരമാണ് ഇവിടെ നടക്കുന്നത്.

പഴയനിയമ കാലത്തു ജീവിച്ചിരുന്ന ഇസ്രായേൽ ഒരേ ആത്മീക ആഹാരം ഭക്ഷിച്ചും ഒരേ ആത്മീക പാനീയം കുടിച്ചും ഇരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അവർക്ക് മരുഭൂമിയിൽ ദൈവം മന്നാ പൊഴിച്ചു കൊടുത്തു; പാറയിൽ നിന്നും ജലം ഒഴുക്കിക്കൊടുത്തു. ഇതു രണ്ടും ദൈവാത്മാവിനാൽ ഉണ്ടാക്കി കൊടുത്തതിനാലാണ് ആത്മീകമെന്ന് വിവക്ഷിച്ചിരിക്കുന്നത്. അത് പ്രകൃതിദത്തമായിരുന്നില്ല. അല്ലെങ്കിൽ പ്രകൃതിനിയമമനുസരിച്ചുണ്ടായതല്ല എന്നർത്ഥം, അവിടെ പറഞ്ഞിരിക്കുന്ന പാറ ക്രിസ്തുവാണ് എന്നത് ആത്മീയ അർത്ഥത്തെ വെളിപ്പെടുത്തുന്നു. അവർ പാറയിൽ നിന്നു കുടിച്ചു എങ്കിലും ക്രിസ്തുവിൽ ആയിത്തീരുന്നവർക്ക് അവൻ ജീവജലം സൗജന്യമായി നൽകുന്നു. ഭൗതികമായ ദാഹശമനമല്ല ഇതിന്റെ ഫലം. ആത്മീയ ദാഹശമനമാണ്.

സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ അനുഗ്രഹിക്കുകയാണ് അവൻ സഭയിലൂടെ. ആത്മീയം എന്നാൽ ആത്മാവിനാൽ ഉണ്ടാക്കപ്പെടുകയോ നയിക്കപ്പെടുന്നവയോ എന്നതാണ് അർത്ഥം. മനുഷ്യബുദ്ധിയാലോ, ശക്തിയാലോ, പ്രവൃത്തിയാലോ നേടാവുന്ന ഒന്നല്ല പാപമോചനം. അതു ദൈവത്തിന്റെ ദാനമാണ്; കൃപയാണ്. പുതിയ നിയമത്തിൽ ആത്മീക ഗീതങ്ങളെക്കുറിച്ച്

പറഞ്ഞിട്ടുണ്ട്. ആത്മാവിൽ നിറയുന്നതിന്റെ ഫലമായി ഹൃദയത്തിൽ നിന്നു സന്തോഷത്തോടെ പുറപ്പെടുന്നതാണ് ഇത്. മാനസാന്തരമെന്ന മറ്റൊരു വസ്തുത എന്തെന്നാൽ ദൈവവചനം ധനികമായി നമ്മിൽ വസിക്കുന്നതിന്റെ ബാഹ്യപ്രകടനമാണ്. പഠിപ്പിക്കുന്നതിനും ബുദ്ധി യുപദേശിക്കുന്നതിനും സഹായകരമാണ് ഈ ആത്മീകഗീതം. ദൈവ കൽപ്പന നാം അനുസരിക്കുന്നു; അതു മറ്റുള്ളവർക്കും വേണ്ടതാ ണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയാണ് ഇതിൽ നാം ചെയ്യുന്ന ത് (കൊലൊസ്യർ 3:16). മനോഹരമായ വാക്കുകൾ നിറഞ്ഞുനിൽക്കു ന്നതുകൊണ്ടോ പ്രത്യേക അനുഭൂതി ഉണ്ടാകുന്നതുകൊണ്ടോ അത് ആത്മീകമെന്ന് പറയുക സാദ്ധ്യമല്ല. പാട്ടു പാടുന്ന വ്യക്തിയുടെ വാക്കുകളും പ്രവൃത്തികളും ക്രിസ്തുവിന്റെ വചനമനുസരിച്ചുള്ള താണെങ്കിൽ മാത്രം അത് ആത്മീകമെന്നു വിശ്വസിക്കാം. മദ്യപിച്ചു കൊണ്ട് വളരെ മനോഹരമായി പാടുവാൻ കഴിഞ്ഞേക്കാം, പക്ഷേ അത് ആത്മീയമല്ല.

ക്രിസ്ത്യാനികൾ ആത്മീയഗൃഹമായി പണിയപ്പെടുന്നവരാണ്. ദൈവാത്മാവിനാൽ ഉൽപ്പാദിക്കപ്പെട്ട സഭമാത്രമാണ് ആത്മീയസഭ. അല്ലാത്തത് ഏതും ഭൗതീകമാണ് (1 പത്രോസ് 2:4). അവർ കർണ്ണര സമാകുമാറ് പാടിയേക്കാം. കൂട്ടായ്മ വളരെ ഉദാത്തവുമായിരിക്കാം. എന്നാൽ ദൈവം സ്വീകരിക്കണമെങ്കിൽ ആത്മീയമായിരിക്കണം; ദൈവത്തിന് സൗരഭ്യവാസനയായിരിക്കണം. ദൈവത്താൽ ആജ്ഞാ പിക്കപ്പെട്ട യാഗം ആത്മീയമല്ല എന്ന് ആർക്കെങ്കിലും പറയാൻ സാധി ക്കുമോ? എന്റെ വിവേചനബുദ്ധി ശരിയാണെങ്കിൽ എബ്രായർ 13:15 -ൽ പറയുന്ന യാഗവും പുകഴ്ചയും എഫേസ്യർ 5:19-ൽ പറയുന്ന തുപോലെ ആത്മീയം തന്നെയാണ്. എഫേസ്യർക്കെഴുതിയ ലേഖനം 1-ാം അദ്ധ്യായം 12-ാം വാക്യത്തിൽ പറയുന്നത്. "നമുക്ക് പോരാട്ട മുള്ളത് ജഡരക്തങ്ങളോടല്ല വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ" എന്നാണ്. ദുഷ്ടത ഒരിക്കലും ദൈവത്തിൽ നിന്നു വരികയില്ല. സാത്താനും അവന്റെ സേനയും ദൈവേഷ്ടപ്രകാരമുള്ളവരല്ല. അവർ ദൈവത്താൽ സൃഷ്ടിക്കപ്പെ ട്ടവരായിരുന്നെങ്കിലും ഉദ്ദേശം വ്യത്യാസ്തമായിരുന്നു.

പുതിയനിയമത്തിൽ ആത്മീയം എന്ന വാക്ക് ഉപയോഗിച്ചിരി

ക്കുന്നത് ദൈവത്തിന്റെ ആത്മാവിനാൽ ഉത്ഭവിക്കുന്നതോ നയി ക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. അല്ലാതെ ഒരാളുടെ ഉള്ളി ലുള്ള വിചാരത്തിലോ തോന്നലിലോ ഒതുങ്ങിനിൽക്കുന്ന വിശു ദ്ധിയെ സൂചിപ്പിക്കുന്നതിനല്ല. നമ്മുടെ ആരാധന കൂടുതൽ ആത്മീ യമാകേണ്ടതുബാഹ്യമായ ഒരു തോന്നൽ അല്ലെങ്കിൽ കാഴ്ചപ്പാ ടിനെ ആസ്പദമാക്കിയല്ല; മറിച്ച് ദൈവാത്മാവിലുള്ള പ്രചോദനവും പ്രബോധനവും വർദ്ധിക്കുന്നതനുസരിച്ചായിരിക്കണം. ജനങ്ങളുടെ വികാരത്തെ ചലിപ്പിക്കുന്ന എത്രയോ ആത്മീയമല്ലാത്ത കാര്യങ്ങൾ ഇന്നു മതപരമായി ചെയ്യുന്നുണ്ട്. എന്നാൽ നാം ഒന്നു മറക്കരുത്; അതായത്, നമ്മുടെ വിചാരങ്ങൾ, സംസാരങ്ങൾ, പ്രവൃത്തികൾ ദൈവത്തിന്റെ ആത്മാവിനാൽ പുറപ്പെടുന്നതായിരിക്കണം.

## ചർച്ച് (സഭ)

ചർച്ചിനെ കുറിച്ചു ഇന്നു നമ്മുടെ മദ്ധ്യേ രണ്ടു പ്രസ്താവന കൾ പറഞ്ഞു കേൾക്കുന്നുണ്ട്. ക്രിസ്തു സഭ സ്ഥാപിച്ചുവെന്നും ക്രിസ്തു സഭ സ്ഥാപിച്ചിട്ടില്ലായെന്നുമുള്ളതാണു ഈ രണ്ടു പ്രസ്താ വനകൾ, ഇതു രണ്ടും പരസ്പര വിരുദ്ധങ്ങളാണ്. അതിനാൽ ഒന്നു ശരിയും മറ്റൊന്നു തെറ്റുമായിരിക്കും. എന്റെ അഭിപ്രായത്തിൽ ഈ രണ്ടു പ്രസ്താവനകളും ശരിയാണ്.

കാരണം ചർച്ചിന്, പള്ളിയെന്നും കൂട്ടമെന്നും രണ്ടു അർത്ഥ ങ്ങളാണ് കല്പിച്ചിരിക്കുന്നത്. ചർച്ചിനു പള്ളിയെന്ന അർത്ഥത്തി ലൂടെ നോക്കുമ്പോൾ അപ്പോസ്തലനായ പൗലോസ് പറയുന്നു "കൈപ്പണിയായ ക്ഷേത്രങ്ങളിൽ ദൈവം വസിക്കുന്നില്ല." (അപ്പോ സ്തലപ്രവൃത്തി 17:24; 7:48). ദൈവം വസിക്കാത്ത പള്ളികൾ അല്ലെ ങ്കിൽക്ഷേത്രങ്ങൾ ക്രിസ്തു സ്ഥാപിച്ചുവെന്നു പറഞ്ഞാൽ തികച്ചും തെറ്റാണ്. അത് കൊണ്ടു ക്രിസ്തു ഇവ സ്ഥാപിച്ചിട്ടില്ല എന്നു പറ ഞ്ഞാൽ അതു ശരിയല്ലേ?

ചർച്ചിനു സമൂഹം അല്ലെങ്കിൽ കൂട്ടം എന്ന അർത്ഥത്തിലൂടെ നോക്കിയാൽ ക്രിസ്തു സഭ സ്ഥാപിച്ചതു ശരിയാണെന്നു മനസ്സി

ലാക്കുവാൻ പ്രയാസമില്ല. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാന സാന്തരപ്പെടുവിൻ എന്നു സ്നാപക യോഹന്നാൻ യഹൂദ്യ മരുഭൂമി യിൽ പ്രസംഗിച്ചു" (മത്തായി 3:1,2). ആ സ്വർഗ്ഗരാജ്യമാണ് സഭ, "അവരെ കൂട്ടാക്കാഞ്ഞാൽ സഭയോടു അറിയിക്കുക" യെന്നു ക്രിസ്തു പറയുകയുണ്ടായി (മത്തായി 18:17). "പൗലൊസും ബർന്ന ബാസും യെരുശലേമിൽ എത്തിയപ്പോൾ സഭയും അപ്പോസ്ത ലൻമാരും അവരെ കൈക്കൊണ്ടു" (അപ്പോസ്തലപ്രവൃത്തി 15:4). "സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്നു പൗലോസ് അപ്പോസ്തലൻ കേട്ടതായി പറയുന്നു" (1കൊരിന്ത്യർ 11:18). സ്വകു ടുംബത്തെ ഭരിപ്പാൻ അറിയാത്തവർ ദൈവ സഭയെ എങ്ങനെ പരി പാലിക്കുമെന്നു പൗലോസ് അപ്പോസ്തലൻ ചോദിക്കുന്നു (1തിമൊ ഥെയൊസ് 3:5). "ക്രിസ്തുസഭയിൽ സ്ത്രീ സംസാരിക്കുന്നതു ഉചി തമല്ലായെന്നു പൗലോസ് അപ്പോസ്തലൻ പറയുന്നു" (1 കൊരി ന്ത്യർ 14:35). എന്നാൽ ഇതിനെ മാനിക്കാതെ ചില സഭാ വിഭാഗ ങ്ങൾ സ്ത്രീകൾക്കു പൗരോഹിത്യം വരെ നൽകി ബൈബിളിനെ തിരായി പ്രവർത്തിക്കുന്നു.

സഭ സ്ഥാപിച്ചതു ക്രിസ്തുവാണ്. മറ്റാരുമല്ല "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18) എന്നു ക്രിസ്തു തന്നെ പത്രോസിനോടു പറയുകയുണ്ടായി. "മനുഷ്യപുത്രൻ മനു ഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടുവാനിരിക്കുന്നു.അവർ അവനെ കൊല്ലുകയും മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും" (മത്തായി 17:22,23) എന്നു ക്രിസ്തു മുൻകൂട്ടി ശിഷ്യന്മാ രോടു പറയുകയുണ്ടായി. ഈ പ്രവചനം അക്ഷരാർത്ഥത്തിൽ സംഭ വിച്ചതായി ബൈബിൾ വ്യക്തമാക്കുന്നു. ഇതു കൃത്യമായി സംഭവി ച്ചതായി സഭ സ്ഥാപിക്കുമെന്നു പറഞ്ഞ ക്രിസ്തുവിന്റെ പ്രവചനം സംഭവിക്കാതിരിക്കുമോ? ക്രിസ്തു സ്ഥാപിച്ച സഭക്കു സ്ഥാപകന്റെ പേരും നൽകുകയുണ്ടായി. അങ്ങനെ ആരംഭം മുതൽ ആ സഭ ക്രിസ്തുസഭയെന്ന നാമത്തിൽ അറിയപ്പെട്ടു. പിൽക്കാലത്തു സ്വാർത്ഥമോഹിയായ മനുഷ്യൻ കത്തോലിക്കാ സഭ, പെന്ത ക്കോസ്തു സഭ. യാക്കോബായ സഭ തുടങ്ങിയ നാമങ്ങളാൽ സഭയെ ക്രിസ്തുവിൽ നിന്നും അകറ്റിക്കൊണ്ടുപോയി. എന്നാൽ ക്രിസ്തു സഭ ഇതിനെയെല്ലാം അതിജീവിച്ചു നിലനില്ക്കുന്നവെന്ന

താണു സത്യം. ദൈവം പരിപാലിക്കുന്ന സഭയെ ഇല്ലായ്മ ചെയ്യു വാൻ മനുഷ്യനു സാധിക്കുകയില്ലല്ലോ.

ക്രിസ്തു എങ്ങനെ സഭ സ്ഥാപിച്ചുവെന്നു നോക്കാം. ശീമോൻ, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയവരെ ആദ്യമായി ക്രിസ്തു തന്റെ ശിഷ്യന്മാരാക്കി (മത്തായി 4:18-22). പിന്നെയും ക്രിസ്തു പലരേയും തന്റെ ശിഷ്യന്മാരായി ചേർത്തു. അവരേയും ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു (മത്തായി 4:23-25). തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാനും ക്രിസ്തു പഠിപ്പിച്ചു (മത്തായി 6:6 ലൂക്കൊസ് 11:2-4) ക്രിസ്തു തന്റെ പന്ത്രണ്ടു ശിഷ്യന്മാരേയും പഠിപ്പിച്ചു കഴിഞ്ഞശേഷം സ്വർഗ്ഗരാജ്യം സമീപിച്ചതായി പ്രസംഗിപ്പാനും അത്ഭുതങ്ങൾ പ്രവർത്തിപ്പാനും അവരെ പല ഗ്രാമങ്ങളിലേക്കും പറഞ്ഞയച്ചു (മത്തായി 10:1-15). അവർ അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. സഭ സ്ഥാപിക്കു വാനുള്ള പ്രാരംഭ നടപടികൾ ക്രിസ്തു തന്റെ ജീവിതകാലത്തു ആരംഭിച്ചു.

പെന്തെകൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു പരിശുദ്ധാത്മാവു നിറഞ്ഞവരായി അവർ മാറുകയും അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങുകയും ചെയ്തു. അവരുടെ സംസാരം കേട്ടു പലരും വിശ്വസിച്ചു മാനസാന്തരപ്പെട്ടു സ്നാനം ഏൽക്കുകയും ചെയ്തു (അപ്പോസ്തലപ്രവൃത്തി 2:1-47). അന്നുതന്നെ ക്രിസ്തു സഭ സ്ഥാപിക്കുകയും അന്നുമുതൽ സഭ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. ഇന്നും ആ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

സഭയുടെ തലവൻ ക്രിസ്തുവല്ലാതെ മറ്റാരുമല്ല. "ദൈവം ക്രിസ്തുവിനെ എല്ലാത്തിനും മീതെ തലയാക്കി സഭയ്ക്കു തലവനായി നിർത്തിയിരിക്കുന്നു (എഫെസ്യർ 1:21-28). ആ ക്രിസ്തു തന്നെയാണ് ഇന്നും സഭയുടെ തല (എഫെസ്യർ 5:23) അവനല്ലാതെ മറ്റാരും തന്നെ തലവനായി സഭക്കില്ല. എന്നാൽ സഭാവിഭാഗങ്ങൾ പോപ്പെന്നും പാത്രിയർക്കീസെന്നും പറഞ്ഞു സഭയുടെ തലവൻമാരായി ലോകത്തിൽ വസിക്കുന്നു. തെറ്റായി പലതും വിശ്വാസികളെ പഠിപ്പിച്ചും അവരെ കൊണ്ടു പ്രവർത്തിപ്പിച്ചും അവരുടെ

വിയർപ്പിന്റെ അംശങ്ങൾ ദൈവത്തിന്റെ നാമത്തിൽ സ്വീകരിച്ചു കൊണ്ടു സുഖലോലുപന്മാരായി ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവർ വിലസുന്നു. ന്യായവിധി ദിവസം അവരേയും അവരുടെ സിൽബന്ധികളെയും കള്ള പ്രവാചകന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തി ശിക്ഷിക്കുമെന്നു ബൈബിൾ തന്നെ വ്യക്തമാക്കുന്നു.

സഭയുടെ കേന്ദ്രം പല സഭാ വിഭാഗക്കാരും അവകാശപ്പെടുന്നതു പോലെ റോമാപുരിയോ, ലണ്ടനോ, അമേരിക്കയോ, സിലോണോ, തിരുവനന്തപുരമോ അല്ല. തലവനായ ക്രിസ്തു എവിടെ വസിക്കുന്നുവോ അവിടെയാണ് സഭയുടെ കേന്ദ്രം. ക്രിസ്തു ഇന്നു വസിക്കുന്നതു സ്വർഗ്ഗത്തിലാണ്. കാരണം ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു (ലൂക്കൊസ് 24:51). അതിനാൽ സഭയുടെ കേന്ദ്രം സ്വർഗ്ഗമാകുന്നു.

ക്രിസ്തുവിന്റെ നിയമങ്ങളല്ലാതെ ആരുടെയും നിയമങ്ങൾ സഭയിൽ പ്രയോഗിക്കുവാൻ കഴിയുകയില്ല. കാരണം അവനാണ് സഭയുടെ തലവൻ. തലവൻ കല്പിക്കുന്ന കാര്യങ്ങൾക്ക് അപ്പുറമോ ഇപ്പുറമോ അനുയായികൾക്കു പോകുവാൻ കഴിയുകയില്ലല്ലോ. അപ്രകാരം പോയാൽ അതു തെറ്റും ശിക്ഷാർഹവുമാണ്. 'ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ' (ഗലാത്യർ 1:8)എന്നു പൗലോസ് അപ്പോസ്തലൻ പറയുന്നു. എന്നാൽ തലവനായ ക്രിസ്തു പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ വിശ്വാസികൾ ചെയ്യണമെന്നു അനുശാസിക്കുന്ന സഭാ തലവന്മാർ ശപിക്കപ്പെട്ടവരല്ലേ. അങ്ങനെയാണെങ്കിൽ മാർപ്പാപ്പാ, പാത്രിയർക്കീസ് തുടങ്ങിയ സഭാ തലവന്മാർ ശപിക്കപ്പെട്ടവരല്ലേ? കാരണം ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത എന്തെല്ലാം ആചാരങ്ങളും തത്വങ്ങളുമാണു അവർ തങ്ങളുടെ സഭകളിൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്.

എന്താണു ക്രിസ്തുവിന്റെ നിയമങ്ങൾ? നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം. കൂട്ടുകാരനെ നിന്നേപ്പോലെതന്നെ

സ്നേഹിക്കേണം (മത്തായി 27:37,38). അപ്പവും വീഞ്ഞും എടുത്തു വാഴ്ത്തി ശിഷ്യന്മാർക്കു നൽകിക്കൊണ്ടു ക്രിസ്തു അരുളിച്ചെയ്തു; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ (ലൂക്കൊസ്. 22:17-19). വിശ്വസിക്കുകയും സ്നാനം എൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16:16). പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ (മത്തായി 28:19,20) ഇവയാണ് ക്രിസ്തു സഭയ്ക്കു നൽകിയിരിക്കുന്ന നിയമങ്ങൾ. ഈ നിയമങ്ങൾ സഭയിലെ ഓരോ അംഗങ്ങളും അനുസരിച്ചു നടക്കുവാൻ ബാധ്യസ്ഥരാണ്. അപ്രകാരം നടക്കാതിരുന്നാൽ ശിക്ഷാവിധിക്ക് അവർ അർഹരുമാണ്.

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഭർത്താവിനോടും കീഴ്പ്പെട്ടിരിക്കുന്ന ഭാര്യയോടും, ഭാര്യയോടു വിശ്വസ്തത പുലർത്തുന്ന ഭർത്താവിനോടും സാമ്യപ്പെട്ടതാണ് (എഫേസ്യർ 5:23). ഇവിടെ ഭർത്താവ് ക്രിസ്തുവും ഭാര്യ സഭയും ആകുന്നു. ഭർത്താവായ ക്രിസ്തുവിനോടു കീഴ്പ്പെടാത്ത സഭ ഒരിക്കലും ക്രിസ്തുവിന്റെ ഭർത്താവ് ആകുകയില്ല. ചിലപ്പോൾ അവർ ക്രിസ്തുവിന്റെ വെപ്പാട്ടി ആയേക്കും. വെപ്പാട്ടികൾക്കും മക്കൾക്കും ക്രിസ്തുവിന്റെ സമ്പത്തിൽ യാതൊരവകാശവും കാണുകയില്ലല്ലോ. അവൾക്ക് ഭർത്താവായി ക്രിസ്തു അല്ലാതെ സഭാതലവൻമാർ പലരും കാണുമല്ലോ. അതുകൊണ്ടായിരിക്കാം മറ്റു സഭാതലവന്മാരുടെ പേരിൽ അവൾ ലോകത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ സഭ, യാക്കോബായ സഭ, പെന്തക്കോസ്തു സഭ തുടങ്ങിയവ ഇതിനുദാഹരണങ്ങൾ മാത്രം. ഈ സഭാതലവന്മാർ പറയുന്നതുംകൂടി അനുസരിക്കുവാൻ അവൾ തയ്യാറാകണമല്ലോ. അങ്ങനെയുള്ള വെപ്പാട്ടികളെ ക്രിസ്തു ഒരിക്കലും സ്നേഹിക്കുകയില്ല. കാരണം അവൻ നീതിമാനും വിശ്വസ്തതയുള്ളവനുമാണ്. അവന്റെ ന്യായവിധി ദൈവവചനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ആ അവസരത്തിൽ ദൈവവചനങ്ങളിൽ നിന്നും അകന്നു കാമുകന്മാരായ സഭാതലവന്മാരുടെ വചനങ്ങൾകൂടി സ്വീകരിച്ച് അണിഞ്ഞൊരുങ്ങി നിൽക്കുന്ന

വെപ്പാട്ടിസഭകളെ അവൻ സ്വീകരിക്കുകയില്ലല്ലൊ.

കാമുകന്മാർ എപ്പോഴും സ്വാർത്ഥതാൽപര്യങ്ങൾക്കു മാത്രമേ പ്രാധാന്യം നൽകുകയുള്ളു. തങ്ങളുടെ വെപ്പാട്ടികൾ അപകടത്തിൽപെട്ടാൽ അവർക്ക് യാതൊരു ദുഃഖവും പ്രയാസവും കാണുകയില്ല. പണത്തിനുവേണ്ടിയും തങ്ങളുടെ മോഹങ്ങൾക്കുവേണ്ടിയും വെപ്പാട്ടികളെ ഉപയോഗിക്കുന്നതിൽ അവർ സന്തോഷം കണ്ടെത്തുകയും ചെയ്യും. അതുതന്നെയാണ് ഇന്നും എല്ലാ സഭാവിഭാഗങ്ങളിലെയും തലവൻമാർ ചെയ്യുന്നത് അവർ സഭയിലൂടെ ധനം സമ്പാദിക്കുന്നു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സോഷ്യൽ സർവീസ് കേന്ദ്രങ്ങൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ സഭാവിഭാഗങ്ങളുടെ പേരിൽ തുടങ്ങുന്നു. അതിലൂടെ മാന്യതയും ധനവും അവർ കൈക്കലാക്കുന്നു. അതിനു കൂട്ടുനിൽക്കുന്നവർ തെറ്റു കാണിച്ച് കോടതികളിൽ കേസ് ഉണ്ടായാൽ ആ കേസുകൾ ഈ സഭാധികാരികൾ നടത്തികൊടുക്കുന്നു. അവരുടെ ധനാഗമനമാർഗ്ഗത്തിനെതിരെ ഭരണാധികാരികൾ പടവാൾ ഓങ്ങിയാൽ സഭാവിശ്വാസികളെ ഇളക്കിവിട്ട് ആ പടവാൾ ഭരണാധികാരികളെക്കൊണ്ടുതന്നെ താഴ്ത്തിക്കുന്നു. അങ്ങനെ അവർ രാഷ്ട്രീയത്തെ തങ്ങളുടെ കൈകളിൽ ഒതുക്കുവാൻ ശ്രമിക്കുന്നു.

പണത്തിനും സ്ഥാനമാനങ്ങൾക്കുമായി അവർ ദൈവവചനങ്ങളെ ദുർബ്ബലപ്പെടുത്തി മാനുഷികവചനങ്ങളെ കൂട്ടിച്ചേർത്തു ദൈവത്തിൽനിന്നും അകന്ന് പിശാചിന്റേയും ലോകത്തിന്റെയും മുമ്പിൽ തങ്ങളുടേതായ എല്ലാം അടിയറവെച്ചുകൊണ്ട് ദൈവത്തെയും ജനങ്ങളെയും വഞ്ചിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്നു. അതിന്റെ ഫലമായി അസമാധാനവും അസംതൃപ്തിയും അവരുടെ ഇടയിൽ ഇന്നും കളിയാടിക്കൊണ്ടിരിക്കുന്നു.

ഈ അടുത്ത കാലത്ത് പല സഭാദ്ധ്യക്ഷൻമാരുടെയും സഹകരണത്താൽ ആരോ സുവിശേഷ പ്രസംഗവും അത്ഭുത രോഗശാന്തി ശുശ്രൂഷയും കേരളത്തിൽ നടത്തി പണം പിരിക്കുകയുണ്ടായി. അവിടെ നടന്ന അത്ഭുത രോഗശാന്തിശുശ്രൂഷതന്നെ ഒരു വെട്ടിപ്പാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം രോഗികൾ എന്ന് അറിയപ്പെടാത്തപലരും സുഖം പ്രാപിക്കുന്നു. രോഗികൾ

എന്ന് അറിയപ്പെടുന്നവരോ നിരാശരായി മടങ്ങിപ്പോകുന്നു. രോഗികളുടെ വിശ്വാസക്കുറവാണെന്നു പറഞ്ഞ് സംഘാടകർ രക്ഷപ്പെടുന്നു. കുരുടന്മാരേയും മുടന്തരേയും ക്രിസ്തുവും അപ്പോസ്തലന്മാരും സുഖപ്പെടുത്തി. എന്നാൽ ഇവർക്കോ അതിനു കഴിയുന്നില്ല. എന്നാൽ അവരുടെ പ്രവൃത്തിയുടെ ഓമനപ്പേരോ-അത്ഭുത രോഗശാന്തി ശുശ്രൂഷ.

സഭയെ ശരിയായി മനസിലാക്കാത്ത ആളുകളാണ് ഇന്ന് സമുഹത്തിൽ സഭക്ക് മാന്യത കൊടുക്കാതെ ജീവിക്കുന്നത്. സഭയെന്നത് ദൈവത്തിന്റെ നിത്യമായ പദ്ധതിയാണ്. ലോകത്തിൽ ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി കർത്താവിനാൽ സ്ഥാപിതമായ സഭ സമുദായങ്ങളായോ സംഘടനകളായോ, കാണരുത്. കാരണം പാപികളായ മനുഷ്യരെ അവരുടെ പാപം മോചിച്ചുകൊടുത്ത് ചേർക്കുന്ന ഒന്നാണ് സഭ. കർത്താവ് തന്റെ രക്തം കൊടുത്ത് സമ്പാദിച്ച ഒന്നിനെ നാം ഒരിക്കലും ചെറുതായി കാണരുത്. വിശുദ്ധീകരിക്കപ്പെട്ടവർക്ക് തങ്ങളുടെ ജീവിതം ക്രമപ്പെടുത്തേണ്ടത് ആവശ്യമാണ്. മനുഷ്യൻ ജഡത്തിൽ ജീവിക്കുന്ന കാലത്തോളം അവന് പാപത്തോട് പോരാടേണ്ടിയിരിക്കുന്നു. അപ്പോൾ ദൈവത്തിന്റേയും അവന്റെ വചനത്തിന്റേയും ആവശ്യകത അത്യന്താപേക്ഷിതമായിരിക്കുന്നു. അത് മനസിലാക്കുമ്പോൾ സഭ എത്രമാത്രം അനിവാര്യമാണെന്ന് ബോധ്യമാകും.

ലോകമെമ്പാടും ചെന്നു സുവിശേഷം അറിയിച്ച് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവാനാണ് ക്രിസ്തു പറഞ്ഞിട്ടുള്ളത്. ഇതാണോ ഇന്നു സഭാദ്ധ്യക്ഷന്മാർ ചെയ്യുന്നത്? ക്രിസ്തു പറഞ്ഞിട്ടുള്ള ഈ കാര്യവും ക്രിസ്തു നൽകിയ നിയമങ്ങളും അക്ഷരംപ്രതി അനുസരിക്കുവാനും മറ്റുള്ളവരെ പഠിപ്പിക്കുവാനും ഇന്നു ലോകത്തിൽ നിലവിലുള്ള ഏക സഭ ക്രിസ്തുസഭ മാത്രമാണ്. അവൾ മാത്രമാണ് ക്രിസ്തുവിന്റെ മണവാട്ടിയായി ലോകത്തിലുള്ളത്. സംശയമുള്ളവർ അവളേയും മറ്റുള്ള സഭകളേയും കുറിച്ചു പഠിച്ച് വിലയിരുത്തി സത്യം സ്വീകരിക്കുക. അങ്ങനെ സത്യം സ്വീകരിച്ച് രക്ഷിക്കപ്പെടുക.

✶

# വാർത്തകൾ

## ഈ പിതാവ് നിങ്ങളാകാതിരിക്കട്ടെ

'മകനെ ഡോക്ടറോ എൻജിനീയറോ ആക്കണമെന്ന ആഗ്രഹം ഇപ്പോളെനിക്കില്ല. അവൻ ഒരു സാമൂഹിക വിരുദ്ധനാവല്ലേ എന്ന പ്രാർത്ഥന മാത്രം'-മധ്യകേരളത്തിലെ ഒരു പിതാവ് പറഞ്ഞത് കണ്ണീരോടെയാണ്.

പഠനത്തിൽ അസാമാന്യമികവായിരുന്നു അദ്ദേഹത്തിന്റെ മകന്. എല്ലാ ക്ലാസിലും ഉന്നത വിജയം. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ വിനോദയാത്രക്കിടെ ഒരു രസത്തിന് മദ്യം കഴിച്ചതാണ് തുടക്കം. 11-ാം ക്ലാസിലായപ്പോൾ ബാംഗ്ലൂർ നിംഹാൻസിലെ ചികിൽസ വരെയെത്തി.

★

## മുറ്റത്തു പൊട്ടിവീണലൈനിൽ നിന്ന് ഷോക്കേറ്റു ദമ്പതികൾ മരിച്ചു.

വീടിനു പിന്നിൽ പോട്ടിവീണ വൈദ്യുതകമ്പിയിൽ തട്ടി ഭർത്താവും രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ ഭാര്യയും ഷോക്കേറ്റു മറിച്ചു. പുന്നയൂർ ആലാപ്പാലം പേങ്ങാട്ട് കുഞ്ഞപ്പു (65), ഭാര്യ അമ്മു(52) എന്നിവരാണ് ഇന്നലെ പുലർച്ചെ മരിച്ചത്.

★

## യുവതി മരിച്ച നിലയിൽ

സ്വകാര്യ ഹോട്ടലിലേക്കു ജോലിക്കായി പോയി കാണാതായ യുവതിയെ ദുരൂഹ സാഹചര്യത്തിൽ പാറക്കുളത്തിൽ വീണു മരിച്ച നിലയിൽ കണ്ടെത്തി. കോവളം ആവാടുതുറ തൊഴിച്ചൽ ഗീതാ മന്ദിരത്തിൽ പരേതനായ ജയകുമാർ-ഗീത ദമ്പതിമാരുടെ മകൾ സുചിത്ര(17)യെയാണു കോവളം കല്ലടിച്ചാൻ മൂലയിലെ പാറക്കുളത്തിൽ മരിച്ച നിലയിൽ ഇന്നലെ കണ്ടെത്തിയത്.

★

*Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## വലയിലായില്ല

ആൾപ്പാർപ്പില്ലാത്ത വീട്ടിൽ നിന്നു ലക്ഷക്കണക്കിനു രൂപയുടെ കള്ളനോട്ട് പിടികൂടിയ സംഭവത്തിൽ പ്രതികളെ പിടികൂടാൻ മൂന്നാം ദിവസവും പൊലീസിനായില്ല. ലക്ഷക്കണക്കിന് രൂപയുടെ കള്ളനോട്ടുകളാണു പിടികൂടിയത് എന്നതിനാൽ പ്രാഥമിക അന്വേഷണത്തിനു ശേഷം കേസ് ക്രൈംബ്രാഞ്ചിനു കൈമാറാനുള്ള സാധ്യതയുമേറി.

✶

## ഉണർവിന്റെ ഊർജം

വയോജനങ്ങൾക്കു ലഭിക്കേണ്ട സംരക്ഷണം സമൂഹത്തിന്റെ ബാധ്യതയും പ്രായമായവരുടെ അവകാശവുമാണെന്ന് ഓർമിപ്പിച്ചുകൊണ്ടു മുതിർന്ന പൗരന്മാരുടെ സാംസ്കാരിക കൂട്ടായ്മയായ ഉണർവിനു തുടക്കമായി. മന്ത്രി എം. എ. ബേബിയാണ് ഉദ്ഘാടനം ചെയ്തത്.

✶

## സിറിയൻ ഭാഷയിൽ പൂരം വെടിക്കെട്ട്

2സിറിയൻ പ്രസിഡന്റിന്റെ ശബ്ദം കേട്ടതോടെ കൊട്ടാരത്തിലെ മൈക്ക് വെടിക്കെട്ടു തുടങ്ങി.

രാഷ്ട്രപതി പ്രതിഭ പാട്ടീലിനൊപ്പം സിറിയൻ പ്രസിഡന്റ് ബഷർ അൽ അസദ് നടത്തിയ സംയുക്ത പത്രസമ്മേളനത്തിലായിരുന്നു ഈ തമാശ. ദമാസ്കസിലെ പീപ്പിൾ പാലസിൽ മാധ്യമങ്ങളെയും ഉദ്യോഗസ്ഥരെയും അഭിസംബോധന ചെയ്യാനെത്തിയ അസദിന് മൈക്ക് തകരാർമൂലം പ്രസംഗത്തിനിടെ സംസാരം മൂന്നു തവണ നിർത്തേണ്ടി വന്നു.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

**HEAR THE VOICE OF TRUTH ON RADIO**

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 December**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11

Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From

THE BIBLE TRUTH

Church of Christ

Thampuranmukku,

Trivandrum-35

Kerala, India.

Phone: 2303378